# സുഗന്ധവിള ഗവേഷണ കേന്ദ്രം സ്ഥാപക ദിനാചരണം

കോഴിക്കോട് • ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപക ദിനാചരണം കലക്ടർ യു.വി. ജോസ് ഉദ്ഘാടനം ചെയ്തു. ഗവേഷണ നേട്ടങ്ങൾ കർഷകരിലേക്ക് വേഗത്തിൽ എത്തിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. പ്രവർത്തന മികവിനുള്ള അവാർഡുകൾ ജീവനക്കാർക്കു വിതരണം ചെയ്തു. സ്ഥാപക ഡയറക്ടർ ഡോ. കെ.വി. അഹമ്മദ് ബാവപ്പ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കെ. നിർമൽ ബാബു, ഡോ. വി.എ. പാർഥസാരഥി എന്നിവർ പ്രസംഗിച്ചു. ജീവനക്കാർക്കായി പ്രമുഖ ഡിസൈൻ കൺസൽറ്റന്റ് ഡോ. പ്രേം കുമാർ ക്ലാസെടുത്തു. കേന്ദ്രത്തിന്റെ മുൻ ഡയറക്ടർമാർ, ജീവനക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി സുഗന്ധവിള ഗവേഷണ കേന്ദ്രം സന്ദർശിക്കുവാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കി. കേന്ദ്രം സന്ദർശിച്ചവർക്ക് നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്തു.